


# പാലായുടെ പുണ്യം




**ജിൻസ് കാവാലി**
ഗവേഷണവിദ്യാർഥി
യു.സി. കോളജ് ആലുവ


"ധീരനും സ്വതന്ത്രനും സർവോപരി സർഗാത്മകനുമായ മനുഷ്യശിശു കേവലം അറുപതോ എഴുപതോ വർഷംകൊണ്ട് ഭീരുവും പരതന്ത്രനുമായിത്തീർന്ന് സ്വന്തം സൃഷ്ടിപരത വംശവൃദ്ധിക്കുവേണ്ടിമാത്രം ഉപയോഗിച്ച് വൃദ്ധവേഷം കെട്ടിയ വലിയൊരു കുട്ടിയായി മരിച്ചുപോകുന്നതിനെപ്പറ്റിയാണ് മനുഷ്യജീവിതം എന്നു പറയുന്നതെങ്കിൽ പ്രിയപ്പെട്ടവളേ, മനുഷ്യനായി ജനിച്ചതിൽ എനിക്കഭിമാനിക്കാൻ ഒന്നുമില്ല." സുഭാഷ് ചന്ദ്രന്റെ 'മനുഷ്യന് ഒരു ആമുഖം' എന്ന നോവലിലെ വരികളാണിത്. ശ്വസിക്കുകയും ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു കടന്നുപോകുന്നതല്ല ജീവിതമെന്നും ഭൂമിയിൽ ദൈവം തരുന്ന കാലം നൂറുമേനി ഫലം പുറപ്പെടുവിക്കുകയാണു ജീവിതത്തിന്റെ ലക്ഷ്യമെന്നും തിരിച്ചറിയുന്ന ചില മനുഷ്യരുണ്ട്. പാലായുടെ പ്രഥമമെത്രാനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ അത്തരം തിരിച്ചറിവുണ്ടായിരുന്ന ഒരു ജ്ഞാനമനുഷ്യനായിരുന്നു. ജ്ഞാനി മാത്രമല്ല, ജ്ഞാനത്തെ സ്നേഹത്തിൽ ലയിപ്പിച്ച യോഗി. ആത്മീയാചാര്യനായിരിക്കുമ്പോൾത്തന്നെ മനുഷ്യരുടെ ഭൗതികജീവിതാവശ്യങ്ങളും അദ്ദേഹം കണ്ടിരുന്നു. ജാതിമതഭേദമെന്യേ ദുരിതമനുഭവിക്കുന്ന മനുഷ്യർക്കു വയലിൽപിതാവ് പ്രാർഥനകൊണ്ടും പ്രവൃത്തികൊണ്ടും കൈത്താങ്ങായി.

ഒരു പെരുന്നാൾക്കാലത്തായിരുന്നു തന്റെ ജനനമെന്നു പിതാവ് തന്റെ ആത്മകഥയിൽ ഓർമിക്കുന്നുണ്ട്. പെരുന്നാൾ എന്നത് ആത്മീയതയുടെ പ്രഘോഷണവും ഒപ്പംതന്നെ, ആനന്ദത്തിന്റെയും ആഘോഷത്തിന്റെയുമെല്ലാം കൂടിച്ചേരലുമാണല്ലോ. പെരുന്നാളിന്റെ പുണ്യത്തിൽ പിറവിയെടുത്ത പിതാവ് ഈ ആത്മീയ-ഭൗതികസംലയനംകൊണ്ട് തന്റെ കർമവഴികളെയെല്ലാം അനുഗ്രപൂർണമാക്കി മാറ്റി. പള്ളിക്കും പള്ളിക്കൂടത്തിനുമായി അക്ഷീണം പ്രയത്നിച്ചു. പ്രാർഥനയാലും പുണ്യപ്രവൃത്തികളാലും പരസ്പരസ്നേഹത്താലും നിസ്വാർഥമായ സഹായസഹകരണങ്ങളാലും ഒരു നാടിനെത്തന്നെ ആത്മീയമായും ഭൗതികമായും വളർത്തി. മഹിതമായ വിശ്വാസപാരമ്പര്യമുള്ള പാലായെ ഇന്നു കാണുന്ന പാലായാക്കി മാറ്റിയത് പിതാവിന്റെ ദീർഘവീക്ഷണമായിരുന്നു.

**പാലായെ വഴിനടത്തിയ പിതാവ്**

കപ്പയും കുരുമുളകും കൊക്കോയും റബറുമൊക്കെയായി കാർഷികസംസ്കാരത്തിനു കേളികേട്ട നാടായിരുന്നു പണ്ടുമുതൽക്കേ പാലാ. പതിറ്റാണ്ടുകൾക്കുമുന്നേ മാർത്തോമ്മാ നസ്രാണികൾ കുടിയേറിപ്പാർത്തിരുന്ന പ്രദേശം. ആ നാടിന്റെ അടിസ്ഥാനസൗകര്യങ്ങളിൽമുതൽ ഉന്നതവിദ്യാഭ്യാസത്തിൽ വരെ കുതിച്ചുചാട്ടത്തിനു കാരണമായ പ്രസ്ഥാനങ്ങൾക്കു ചുക്കാൻ പിടിച്ചത് നിത്യസ്മരണീയനായ വയലിൽപിതാവാണ്. പാലാ സ്കൂളിൽ തന്റെ സേവനം തുടങ്ങിയ പിതാവ് പിന്നീട് സെന്റ് തോമസ് ട്രെയിനിങ് സ്കൂളിന്റെ ഹെഡ്മാസ്റ്ററായി. ഇക്കാലത്താണ് പാലായിലൊരു കലാലയം എന്ന വലിയ സ്വപ്നത്തിനായി ആ വൈദികൻ ഇറങ്ങിത്തിരിക്കുന്നത്. കോട്ടയം സി.എം.എസ്. കോളജ്, ആലുവ യു.സി. കോളജ്, ചങ്ങനാശ്ശേരി എസ്.ബി. കോളജ് എന്നീ കോളജുകൾമാത്രമായിരുന്നു അക്കാലത്തുണ്ടായിരുന്ന പ്രമുഖ കോളജുകൾ.

ഇന്നത്തെപ്പോലെയുള്ള വാഹനസൗകര്യങ്ങളോ ഹോസ്റ്റൽസൗകര്യങ്ങളോ ഒന്നുമില്ലാതിരുന്ന അക്കാലത്ത് അതുകൊണ്ടുതന്നെ ഉന്നതവിദ്യാഭ്യാസമെന്നത് പാലായിലും സമീപപ്രദേശത്തുമുള്ള പാവപ്പെട്ട മനുഷ്യർക്ക് ഏതാണ്ട് ബാലികേറാമലതന്നെയായിരുന്നു. വിദ്യാഭ്യാസമുള്ള ജനതയാണ് നാളയെ നയിക്കുകയെന്ന ദീർഘദർശനമുണ്ടായിരുന്ന വയലിൽപിതാവ് അതിനാൽത്തന്നെ ഒരു കലാലയം ഈ മണ്ണിൽ സ്ഥാപിക്കുന്നതിനായി കൈമെയ് മറന്നു പ്രവർത്തിച്ചു. കോളജ് സ്ഥാപനത്തിനുള്ള പിരിവിനും മറ്റുമായി സഞ്ചരിക്കുന്നതിനിടയിൽ പലപ്പോഴും ഊണും ഉറക്കവും നഷ്ടമായി. തന്റെ വ്യക്തിപരമായ പ്രശ്നങ്ങളോ പ്രയാസങ്ങളോ ഒരു വലിയ ലക്ഷ്യത്തിനായുള്ള യാത്രയ്ക്കിടയിൽ അദ്ദേഹം കാര്യമാക്കിയില്ല. അങ്ങനെ സാമ്പത്തികമായും രാഷ്ട്രീയമായുമെല്ലാം ഉണ്ടായ അനേകപ്രതിസന്ധികളെ അതിജീവിച്ച് ഒടുവിൽ കോളജെന്ന സ്വപ്നം, അരുണാപുരത്തെ പാലാ സെന്റ് തോമസ് കോളജ്, പിതാവ് സാധ്യമാക്കുകതന്നെ ചെയ്തു.



കോളജ് ഉദ്ഘാടനത്തിന്റെ ചടങ്ങുകളൊക്കഴിഞ്ഞ് രാത്രിയിൽ വെറും തറയിൽ ഒരു തോർത്തുമുണ്ട് വിരിച്ച് വിശ്രമിക്കേയാണ്, ചങ്ങനാശേരി രൂപത വിഭജിച്ച് പാലായെന്നൊരു പുതിയ രൂപതയ്ക്കുകൂടി കത്തോലിക്കാസഭ രൂപം കൊടുക്കുന്നുവെന്നും അതിന്റെ പ്രഥമമെത്രാനാകാനുള്ള നിയോഗം തനിക്കാണു ലഭിച്ചിരിക്കുന്നതെന്നും വയലിൽപിതാവ് അറിയുന്നത്. 'ഇതാ കർത്താവിന്റെ ദാസി' എന്നേറ്റുപറഞ്ഞ മറിയത്തെപ്പോലെ വലിയ മരിയഭക്തൻകൂടിയായിരുന്ന ആ വൈദികൻ ദൈവത്തിന്റെ നിയോഗത്തെ, പ്രാർഥനാപൂർവം ഏറ്റെടുത്തു. ഒരു മതമേലധ്യക്ഷൻ എന്ന നിലയിൽ തന്റെ നാടിനും നാട്ടുകാർക്കും വിശിഷ്യാ, തനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിനും എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യാൻ യത്നിക്കുകയായിരുന്നു വയലിൽപിതാവ്.

'ജീവിതത്തിൽ ഒരു വിനാഴിക വെറുതെ കളയാൻ മടിക്കുന്നവൻ ജീവിതത്തിന്റെ അർഥമറിഞ്ഞിട്ടില്ല' എന്നെഴുതുന്നുണ്ട് ചാൾസ് ഡാർവിൻ. സമയത്തിനു സത്യമായും പൊന്നിൻവിലതന്നെയാണെന്നു തിരിച്ചറിഞ്ഞിരുന്നു വയലിൽപിതാവ്. മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങളും ശുദ്ധജലലഭ്യതയുമടക്കമുള്ള കാര്യങ്ങളിൽ പിതാവിന്റെ ഇടപെടലുണ്ടായി. കാർഷികസംസ്കാരത്തിന്റെ ഈറ്റില്ലമായിരുന്ന പാലായ്ക്ക്, കാർഷികോത്പന്നങ്ങളുടെ ന്യായവില അടക്കമുള്ള കാര്യങ്ങൾ ലഭ്യമാക്കാൻ പരിശ്രമിച്ചു. സമൂഹത്തെ വലിയതോതിൽ കാർന്നുതിന്നിരുന്ന മദ്യവിപത്തിനെതിരേ ശക്തമായ പ്രചാരണത്തിനു മുൻപന്തിയിൽനിന്നു. സഭയുടെ ആശുപത്രികളിലും മറ്റും ചികിത്സയ്ക്കായി എത്തുന്ന ദരിദ്രരായ മനുഷ്യർക്കു തന്നാൽകഴിയുന്ന സാമ്പത്തികമായ ഇളവുകൾ നൽകി. ആരോഗ്യമേഖലയിൽ മാത്രമല്ല വിദ്യാഭ്യാസമേഖലയിലും പരമാവധി കുറഞ്ഞ പൈസയ്ക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസമായിരുന്നു സഭ പ്രദാനം ചെയ്തത്. ഇതെല്ലാം അടിസ്ഥാനവർഗമനുഷ്യരോടു വയലിൽപിതാവിനുണ്ടായിരുന്ന പ്രത്യേക സ്നേഹത്തിന്റെയും പരിഗണനയുടെയും നിദർശനങ്ങളാണ്. പാവപ്പെട്ട മനുഷ്യരുടെ ജീവിതാഭ്യുന്നതിക്കായി സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവരോടു സഹായമഭ്യർഥിക്കുന്നതിനും പിതാവിനു മടിയൊന്നും ഉണ്ടായിരുന്നില്ല.

ക്രൈസ്തവർക്കുമാത്രമല്ല, പാലായുടെ പരിസരപ്രദേശങ്ങളിലുള്ള അക്രൈസ്തവസഹോദരങ്ങൾക്കും തന്നാലാവുന്ന സഹായഹസ്തം നീട്ടുന്നതിൽ വയലിൽപിതാവ് ഒരു കാലത്തും മടികാണിച്ചിരുന്നില്ല. തനിക്കു മുന്നിലെത്തുന്ന മനുഷ്യരുടെ ആത്മീയമായ പ്രതിസന്ധികളിൽമാത്രമല്ല, ഭൗതികമായ വിഷമങ്ങളിലും പിതാവ് പങ്കുചേർന്നു.

'അന്യജീവനുതകി
സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ'

എന്ന കുമാരനാശാന്റെ വരികൾ അക്ഷരാർഥത്തിൽ പിതാവിന്റെ ജീവിതത്തോടു ചേർത്തുവയ്ക്കാം. നിഷ്കളങ്കമായി സ്നേഹിക്കാനും നിസ്വാർഥമായി സേവനം ചെയ്യാനുംമാത്രം പഠിപ്പിച്ച ക്രിസ്തുവിന്റെ പിൻഗാമി, ഇങ്ങനെയായിത്തീർന്നില്ലെങ്കിലേ അദ്ഭുതപ്പെടേണ്ടതുള്ളൂ.

പുനത്തിൽ കുഞ്ഞബ്ദുള്ള ഒരു കഥയിലെഴുതുന്നതുപോലെ, 'ജനിച്ചു, ജീവിച്ചു മരിച്ചു.' ഇതിനിടയിൽ നിങ്ങൾ ചെയ്ത അദ്ഭുതമെന്ത്? വയലിൽ പിതാവ് ചെയ്ത അദ്ഭുതമാണ് ഇന്നു നാം കാണുന്ന പാലാ. ഈ നാടും ഈ നാട്ടിലെ വിശ്വാസിസമൂഹവും മാർ സെബാസ്റ്റ്യൻ വയലിലെന്ന പുണ്യനാമം എക്കാലവും ഓർമിക്കുകതന്നെ ചെയ്യും. ആ ധന്യസ്മരണയ്ക്കു മുന്നിൽ ഒരിക്കൽക്കൂടി കൂപ്പുകൈ. ■

# എന്ന് നിന്റെ മാത്രം...



**എയ്ഞ്ചലിൻ ഹന്ന ഷിനു**
സെന്റ് മൈക്കിൾസ്
എച്ച്.എസ്.എസ്.
പ്രവിത്താനം

തന്റെ മകന്റെ കൈകളിൽപ്പിടിച്ച്, തിരികെ ആ വീടിന്റെ പടി കയറുമ്പോൾ, ഒരു മടങ്ങിവരവ് പ്രതീക്ഷിക്കാതിരുന്നതുകൊണ്ട് അമ്മയുടെ കാലുകൾ വല്ലാതൊന്നിടറി. നഷ്ടപ്പെട്ടുവെന്നു കരുതിയ മകന്റെ സ്നേഹം തിരികെ ലഭിച്ചപ്പോൾ ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞുകൊണ്ടേയിരുന്നു...

"അച്ഛമ്മേ..." കണ്ണുകളിൽ നിഷ്കളങ്കമായ സ്നേഹം നിറഞ്ഞുനിൽക്കുന്ന അച്ഛമ്മയെ തിരികെ ലഭിച്ച സന്തോഷത്തിൽ മകനെ നോക്കി.

പരസ്പരം നോക്കിനിൽക്കുന്ന ആ അമ്മയുടെയും മകന്റെയും കണ്ണുകൾ തമ്മിൽ ഒരുപാടു സംസാരിക്കുന്നുണ്ടായിരുന്നു; ഒരുപാട്!

"അപ്പൂ നീ പോയി പഠിക്കുവോ, ടി.വി. കാണുവോ, കളിക്കുവോ, എന്താന്നുവച്ചാ ചെയ്യ്... എനിക്ക് അമ്മയോടു സംസാരിക്കാനുണ്ട് കുറച്ച്..." അവരുടെ മൗനത്തിനു വിള്ളൽ വീഴ്ത്തിക്കൊണ്ട് മീര പറഞ്ഞു.

അപ്പു ഒരക്ഷരംപോലും പറയാതെ ആ മുറി കടന്നുപോയി. മമ്മിയെ അനുസരിച്ചില്ലെങ്കിൽ നല്ല പണി കിട്ടുമെന്ന് അവന് അറിയാമായിരുന്നു. മമ്മിയുടെ ദേഷ്യം നേരിൽ അനുഭവിക്കുന്ന അവന് ആശ്വാസം അച്ഛമ്മയാണ്. അപ്പു പോയെന്ന് ഉറപ്പാക്കിയശേഷം മീര അമ്മയോടായി ചോദിച്ചു: "ഇവിടെ സ്ഥിരതാമസമാക്കാമെന്നാണോ വിചാരം?"

ആ അമ്മ തന്റെ കുഴിഞ്ഞ കണ്ണുകൾ കഷ്ടപ്പെട്ട് ഉയർത്തി നോക്കി.



അപ്പു ഓടിവന്ന് അച്ഛമ്മയെ ചേർത്തുനിർത്തി.

"അച്ഛമ്മ എവിടെപ്പോയതാ? എന്നോട് ഒന്നും പറഞ്ഞില്ലല്ലോ? ഇത്രയും ദിവസം ഞാൻ ബോറടിച്ചിരിക്കുവായിരുന്നു... രാത്രിയിലെ അച്ഛമ്മേടെ കഥയൊക്കെ ഞാൻ ഒരുപാട് മിസ്സ് ചെയ്തൂട്ടോ... മമ്മി എന്നോട് ഒരു കഥയും പറയില്ല, സംസാരിക്കുകയുമില്ല..." പരിഭവത്തോടെ പറഞ്ഞ അപ്പുവിനെ നോക്കി അച്ഛമ്മ പറഞ്ഞു:

"ഞാനൊരു യാത്ര പോയതല്ലേ... മോനോടു പറയണമെന്നു വെച്ചപ്പോ അച്ഛമ്മ പോകാൻ നേരം മോനു നല്ല ഉറക്കമായിരുന്നു.... അതാ പറയാതെ പോയെട്ടോ... ഇനി പോകുമ്പോൾ അച്ഛമ്മ പറഞ്ഞിട്ടേ പോകുള്ളൂ."

"അപ്പോ അച്ഛമ്മ ഇനിയും പോകുവോ?" അപ്പുവിന്റെ ചോദ്യം കേട്ട്, ആ അമ്മ തന്റെ

"രണ്ടുമൂന്നു ദിവസം ഇവിടെ കഴിയാം. അതു കഴിഞ്ഞാൽ തിരികെ വൃദ്ധസദനത്തിലേക്കു പൊക്കോണം. മനുവിന്റെ പിറന്നാളാണെന്നു പറഞ്ഞതുകൊണ്ടാ രണ്ടുമൂന്നു ദിവസം താമസിച്ചോളാൻ പറഞ്ഞെ... മനസ്സിലായോ നിങ്ങൾക്ക്?"

"മനസ്സിലായി."

ആദ്യമായി ആ അമ്മയുടെ സ്വരമിടറി.

"ഇവന്റെ പിറന്നാള് കഴിഞ്ഞ് ഞാൻ പോയേക്കാം..."

"അതൊന്നും പറ്റില്ല... മനു പറഞ്ഞില്ലേ. അന്ന് ഇവിടെ പാർട്ടിയുണ്ട്... എന്റെ കസിൻസും ഫ്രണ്ട്സും പപ്പയും മമ്മിയും വരുന്നുണ്ട്. അതിന്റെയിടയില് നിങ്ങളു വേണ്ട. അതിനുമുമ്പ് പോയാൽ നിങ്ങൾക്കു നല്ലത്... അല്ലെങ്കിൽ മനുവിനാണു നാണക്കേട്... ഞാൻ പറഞ്ഞില്ലെന്നു വേണ്ട." തിരികെയുള്ള മറുപടിക്കു കാത്തുനിൽക്കാതെ മീര ആ മുറിയിൽനിന്നിറങ്ങി. പിന്നാലെ മനുവും. രണ്ടു മക്കളുള്ള അമ്മ. ചെറുപ്പത്തിൽ 'എന്റെ അമ്മയാണിത്.. വലുതായിട്ട് അമ്മയെ പൊന്നുപോലെ നോക്കു'മെന്നു പറഞ്ഞ്, സദാ തന്റെ നിഴലായി നടന്ന ഇളയമകൻ, അവസാനം അമ്മയെ വൃദ്ധസദനത്തിൽ കൊണ്ടുവിട്ടിരിക്കുന്നു! വാർധക്യം മനുഷ്യന്റെ ജീവിതത്തിലെ ശാപം തന്നെയാണ്. ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞുകൊണ്ടിരുന്നു.

രാവിലെതന്നെ വാതിലിൽ നിറുത്താത്ത മുട്ടലുകൾ കേട്ടാണ് മനു എഴുന്നേറ്റത്. കട്ടിലിൽ അപ്പുവും മീരയും ഉറങ്ങുന്നതു കണ്ട മനുവിനു മുട്ടിയതാരെന്നു മനസ്സിലാക്കാൻ അധികം സമയം വേണ്ടി വന്നില്ല. വാതിൽ തുറന്നപ്പോൾ, പ്രതീക്ഷിച്ചപോലെ അമ്മ! "എന്താ അമ്മേ ഇത്ര നേരത്തെ?" "എന്നെ തിരികെ കൊണ്ടുവിട്ടേരെ മനുക്കുട്ടാ... ഞാൻ ഇന്നുതന്നെ പോവാ തിരിച്ച്..." അമ്മയുടെ വാക്കുകൾ കേട്ട മനുവിന് അമ്മ ഉദ്ദേശിച്ചത് എന്തെന്നു മനസ്സിലാക്കാൻ സമയം ഏറെയെടുത്തു. "ഇത്ര പെട്ടെന്നു പോകണോ അമ്മേ?"

"വേണം... ഞാൻ തീരുമാനിച്ചുകഴിഞ്ഞു."

അമ്മ മനുവിനു സംസാരിക്കാൻ അവസരം കൊടുക്കാതെ മുറിയിലേക്കു നടന്നു. അപ്പുവിനെ തന്റെ നെഞ്ചോടു ചേർത്തുപിടിച്ച് ഉറങ്ങുന്ന മീരയെ കണ്ടപ്പോൾ, കുട്ടിക്കാലത്തെ ഓർമകൾ മനുവിനെ തേടിയെത്തി. തന്നെയും ചേട്ടനെയും ചേർത്തുപിടിച്ചുറങ്ങിയ തന്റെ അച്ഛനും അമ്മയും... എവിടെനിന്നോ ആ ഓർമകൾ ഇപ്പോൾ നോവുപടർത്തുന്നതുപോലെ അവനു തോന്നി...

പിറന്നാൾ പ്രമാണിച്ച് മനുവിന് നല്ലൊരു ഗിഫ്റ്റുമായിട്ടാണ് വിവേകും അഖിലയും അവരുടെ ഓമനക്കുഞ്ഞുങ്ങളും എത്തിയത്. ഡോർ തുറന്നതു മീരയാണ്. അവൾക്ക് അഖിലയെ ഒരുപാട് ഇഷ്ടമായിരുന്നു. ഒരുപക്ഷേ, അവൾക്ക് തന്റെ കുടുംബത്തിൽ ഇഷ്ടപ്പെട്ടത് ചേച്ചിയെമാത്രമായിരിക്കുമെന്ന് മനു ഓർത്തു. അവർ ഒരുമിച്ചു വീട്ടിനകത്തു കയറുന്നതു കണ്ടപ്പോൾ സത്യം പറഞ്ഞാൽ മനുവിന് അസൂയയായിരുന്നു. പരസ്പരം മനസ്സിലാക്കുന്ന, സപ്പോർട്ട് ചെയ്യുന്ന, സ്നേഹിക്കുന്ന ഒരു അടിപൊളി ഫാമിലി! ഇവരുടെയിടയിൽ പ്രശ്നങ്ങൾ ഉള്ളതായി ആർക്കും തോന്നിയിട്ടില്ല... അങ്ങനെ വഴക്കുകൂടിയിട്ടു വേണ്ടേ അങ്ങനെ തോന്നാൻ... ഒരു നിമിഷത്തിനകം തിരികെ യഥാർഥ ലോകത്തിലേക്കു വന്ന മനു ഓടിച്ചെന്ന് ചേട്ടനെ കെട്ടിപ്പിടിച്ചു.

"ചേട്ടാ...."

"എന്താടാ അനിയാ..."

"കേറിവാ ചേട്ടാ."

"അമ്മ എവിടെയാ... കണ്ടില്ലല്ലോ."

"ഓ.... അമ്മ അകത്തെവിടെയെങ്കിലും കാണും... ഞങ്ങൾ രാവിലെയൊന്നും കണ്ടില്ല." മീരയുടെ ആ ഉത്തരം ചേട്ടന് ഇഷ്ടപ്പെട്ടില്ലെന്നു മനുവിനു മനസ്സിലായി. ചേട്ടന് അമ്മയെ ജീവനാണ്... അച്ഛനും അങ്ങനെതന്നെയായിരുന്നു.

"വന്നയിടത്തുതന്നെ നിൽക്കാതെ കേറി വാ... അകത്തു വന്നിരിക്ക്... ചേച്ചി വാ... മോളൂസേ ഡാ.... കേറി വാടാ."

എല്ലാവരെയും മീര ക്ഷണിച്ചകത്തിരുത്തി.

"ജോക്കുട്ടാ, ചേച്ചിയെക്കൂട്ടി ചെറിയച്ഛന് ഗിഫ്റ്റ് കൊടുക്ക്."

"ആ ചേച്ചി വാ..." ജോക്കുട്ടന് അപ്പുവിന്റെ പ്രായമാണ്.

അവനെക്കാൾ അഞ്ചു വയസ്സ് കൂടുതലാണ് തൃഷ്ണമോൾക്ക്.

രണ്ടുപേരുംകൂടി ചെറിയച്ഛന് ഗിഫ്റ്റുകൊടുത്തു. "ഹാപ്പി ബർത്ത് ഡേ ചെറിയച്ഛാ..."

"അമ്മയെവിടെയാടാ.... ഇതുവരെ കണ്ടില്ലല്ലോ."

"ചേട്ടാ അമ്മ മുറിയിലാ. ഞാൻ ഇപ്പോ വിളിക്കാം. അമ്മേ... അമ്മേ... ദേ ചേട്ടനും ചേച്ചിയും വന്നിട്ടുണ്ട്. ഇറങ്ങിവായോ..."

"ടാ, മനൂ... ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ... ഞാൻ പോകുമ്പോ അമ്മയെക്കൂടി കൂടെ കൂട്ടിക്കോട്ടെ..."

"അത്... അത്... ചേട്ടാ, പിന്നേ."

"എതിരൊന്നും പറയരുത് നീ." വൃദ്ധസദനത്തിലാക്കിയ കാര്യം ചേട്ടനോട് ഇതുവരെ പറഞ്ഞിട്ടില്ലായിരുന്നു. പറഞ്ഞാൽ പിന്നെ ചേട്ടൻ തന്നെ ജീവനോടെ വച്ചേക്കില്ലെന്ന് അവന് അറിയാമായിരുന്നു.

"അതിനെന്താ ഏട്ടാ... അമ്മയെ കൊണ്ടുപോകണമെന്നു തോന്നിയാ കൊണ്ടുപൊയ്ക്കോ... പക്ഷേ, ഞങ്ങൾക്ക് അമ്മ ഇവിടെ നിൽക്കണമെന്നായിരുന്നാഗ്രഹം..." എവിടെനിന്നോ പറന്നെത്തിയ മീരയോട് ആദ്യമായി മനുവിനു പുച്ഛം തോന്നി.

"ഓ.... ആണോ... എന്നാ അമ്മ ഇവിടെ നിന്നോട്ടെ..." വിവേകിന്റെ മറുപടി മീരയെ ഒന്നു ഞെട്ടിച്ചു. അവൾ ഒന്നാലോചിച്ചശേഷം തുടർന്നു: "ചേട്ടന്റെ ആഗ്രഹം അതാണെങ്കി കൊണ്ടുപൊയ്ക്കോ... കുറേക്കാലം അമ്മ ഇവിടെ ഞങ്ങൾക്കൊപ്പമായിരുന്നല്ലോ... ആ ഓർമയ്ക്കു പറഞ്ഞതാ."

"ചെറിയമ്മേ..., ഞങ്ങൾക്ക് എല്ലാം അറിയാട്ടോ." തൃഷ്ണയുടെ സംസാരത്തിൽ സംശയം തോന്നിയതുകൊണ്ടാവാം അവൾ ചോദിച്ചു: "മോൾക്ക് എന്തറിയാം? ഒന്നു പറഞ്ഞേ? "അച്ഛമ്മയെ വിട്ടുനിൽക്കുന്നതിൽ ചെറിയമ്മയ്ക്കു വിഷമം ഉണ്ട് എന്നാ ഞാൻ ഉദ്ദേശിച്ചത്."

"ഓ... അങ്ങനെയാണല്ലേ. അപ്പു അച്ഛമ്മയോടു പോയി പറ വല്യച്ഛന്റെകൂടെ പോവാ, ബാഗ് റെഡിയാക്കി ഇറങ്ങിവരാൻ." നല്ല സങ്കടം ഉണ്ടായിരുന്നുവെങ്കിലും അവൻ അക്ഷരംപ്രതി അമ്മ പറഞ്ഞതനുസരിച്ചു. പിന്നെയെല്ലാം പെട്ടെന്നായിരുന്നു. അവർ പോകുംവരെയും മനു നിശ്ശബ്ദത പാലിച്ചു. മീര തൃഷ്ണയെ വീക്ഷിച്ചുകൊണ്ടിരുന്നു. അവളിലെ ഭാവമാറ്റങ്ങൾ, എല്ലാം...

യാത്രയിലുടനീളം വിവേക് അമ്മയെ ചേർത്തുപിടിച്ചിരുന്നു. അവൻ അലിവോടെ അമ്മയോടു ചോദിച്ചു: "അമ്മയ്ക്ക് എവിടെയെങ്കിലും പോകണോ?"

"വേണ്ട മോനേ... എനിക്ക് നിന്റെകൂടെ ജീവിച്ചാമതി." വിവേക് അമ്മയെ ഒന്നുനോക്കി.

തൃഷ്ണയ്ക്ക് അപ്പോഴാണ് തന്റെ മാതാപിതാക്കളെക്കുറിച്ച് അഭിമാനം തോന്നിയത്. മാതാപിതാക്കളെ ജീവനെക്കാൾ ഏറെ സ്നേഹിക്കുന്ന മക്കൾ ഉണ്ടെങ്കിൽ അതായിരിക്കും അവരുടെ ഭാഗ്യം. അവർക്ക് എന്നും തന്റെ മാതാപിതാക്കളെക്കുറിച്ചോർത്ത് അഭിമാനം ഉണ്ടാകും. വളർന്നു കഴിയുമ്പോൾ പൊന്നുപോലെ അവരെ ചേർത്തുപിടിക്കാൻ വിവേകും അഖിലയും തന്റെ മക്കളെ പ്രാപ്തരാക്കുകയായിരുന്നു.

■



**അനുപ്രിയ ജോജോ**
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്




## സംസ്കൃതി

കൈരളി സംസ്കൃതിയിന്നെന്റെ സിരകളിൽ
വേരോട്ടമായ് ചൊല്ലി ഭൂതകാലമന്ത്രം
കടൽമാറി കരതീർത്ത കൈക്കുമ്പിളിൽ വന്നു-
തമിഴ്സംസ്കൃതങ്ങൾ കൈകോർത്തകാലം
സാഹിത്യശൈലങ്ങൾ മാരിവിൽ വാരൊളി
തൂകിനില്പൂ സാമൂതിരിതൻ നാട്ടിൽ,
വേണാട്ടരചന്റനന്തപുരിയിൽ കാണാമീ മസ്ജിദ്
പള്ളിയമ്പലങ്ങൾക്കു കൈകോർപ്പതായ്...
വാക്കിൻ ചില്ലകളിലൂയലാടി, വാണി
തുഞ്ചന്റെ മലയാണ്മയേറ്റുപാടി...
പ്രളയത്തിലിരുൾ ചേർത്തൊരുരുളിലും പോലുമി-
ന്നണിചേരുമൊരുമതന്നോണക്കാലം...
പശ്ചിമശൃംഗങ്ങൾ ശൃംഗരിച്ചൂ ശ്യാമ-
വാനമിന്നൊന്നു തുളുമ്പിനിന്നു
വയലേല തിങ്ങുമൊരു വയൽനാടുപോലു-
മിന്നയവിറക്കി കൃഷിക്കാലം...
പാണന്റെ പാട്ടുകളിൽ രാപ്പാടി ശ്രുതിചേർത്ത
ചരിതങ്ങളിങ്ങനെ മുഴങ്ങിനിൽക്കേ
ചരിതാർഥ ഞാൻ നിന്നിലൊരോമൽക്കിടാവായി
ചിരിതൂകി വരമാർന്നു വാണതിന്നായ്...

# ആഘോഷങ്ങൾ പിടിമുറുക്കുമ്പോൾ



**റെയ്ച്ചൽ ജോർജ്**
ബി.കോം. എൽ.എൽ.ബി.
കോ ഓപ്പറേറ്റീവ് സ്കൂൾ ഓഫ് ലോ, തൊടുപുഴ

നമുക്കു ജീവിക്കാൻ അധികം പണമൊന്നും ആവശ്യമില്ല. പക്ഷേ, നമ്മൾ മറ്റുള്ളവരെപ്പോലെ ജീവിക്കാൻ നോക്കുമ്പോൾ പണം അധികം ആവശ്യമായി വരും. ഇന്ന് നമുക്കു ചുറ്റും ഇത്തരം മത്സരങ്ങളാണ് കാണുന്നത്. മറ്റുള്ളവരെ പിന്തുടരാനാണ് എല്ലാവരും ശ്രമിക്കുന്നത്. ഇതിന് ഉത്തമോദാഹരണമാണ് നമ്മുടെ വീടുകളിൽ നടത്തപ്പെടുന്ന ആഘോഷങ്ങൾ.

കുടുംബത്തിലുള്ളവർ പരസ്പരം സ്നേഹത്തിൽ കഴിയുകയും ഒരുമിച്ചുകൂടുകയും വേണം. എങ്കിൽമാത്രമേ ബന്ധങ്ങൾ ഊഷ്മളമാകൂ. പക്ഷേ, ഒത്തുചേരലുകൾ ആർഭാടനിമിഷങ്ങളാകുകയും പലരും താഴ്ത്തപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങൾ കുടുംബത്തിലും സമൂഹത്തിലും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

'പണമില്ലാത്തവൻ പിണം' എന്ന കാഴ്ചപ്പാട് നമ്മുടെ സമൂഹത്തിൽ പണ്ടുമുതൽ തുടർന്നുവരുന്നു. പിറന്നാൾ, വിവാഹം, വിവാഹവാർഷികം, തുടങ്ങി ആഘോഷങ്ങളുടെ വേളകൾ നിരവധിയാണ്.

നാം ചിന്തിക്കേണ്ട ഒരു വസ്തുതയുണ്ട്. എന്റെ ആർഭാടനിമിഷങ്ങളിൽ കാഴ്ചക്കാരായി മാറുന്നവരിൽ ചിലരുടെയെങ്കിലും ഉള്ളിൽ ഞാൻ ഒരു നൊമ്പരം സൃഷ്ടിക്കുന്നുവെങ്കിൽ, അത് ഉതപ്പിനു കാരണമാകുന്നുവെങ്കിൽ നാളെ ഒരുദിനം സ്രഷ്ടാവിനു മുന്നിൽ കണക്കു ബോധിപ്പിക്കേണ്ടതായി വരും.

'എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ' എന്ന കായേന്റെ ചോദ്യംതന്നെയാണ് നമ്മുടെ മനസ്സിൽ പലപ്പോഴും ഉയർന്നുവരുന്നത്.

അതുമാത്രമല്ല, എന്റെ നല്ല ദിനങ്ങൾ എനിക്ക് ആഘോഷിക്കാമല്ലോ! എന്നും നമ്മൾ കരുതും.

അതേ, ശരിയാണ്; നമ്മുടെ നല്ല നിമിഷങ്ങൾ കഴിയുന്നത്ര മനോഹരമാക്കണം. പക്ഷേ, അതൊരിക്കലും അനാവശ്യമായ ആർഭാടം നടത്തിയാവരുത്.

കൂദാശകളെ അതിന്റെ പവിത്രതയോടെ സ്വീകരിക്കുക.

മാമ്മോദീസ, വിവാഹം, ആദ്യകുർബാന തുടങ്ങിയ പരിശുദ്ധ നിമിഷങ്ങളെ ആർഭാടത്തിന്റെ, പണക്കൊഴുപ്പിന്റെ ചിട്ടവട്ടങ്ങളിൽ മുക്കാതിരിക്കുക.

അവരെപ്പോലെ എനിക്കു സാധിച്ചില്ലല്ലോ എന്നോർത്ത് ആരും ദുഃഖിക്കാൻ നാം ഇടവരുത്തരുത്.

ദുഷ്പ്രേരണയ്ക്കു കാരണമാകുന്നതിലും നന്ന് കഴുത്തിൽ തിരികല്ലു കെട്ടി കടലിന്റെ ആഴങ്ങളിലേക്ക് എറിയപ്പെടുന്നതാണ്.

ഹൃദയവിചാരങ്ങൾ അറിയുന്ന നല്ല തമ്പുരാൻ നന്മ നൽകി നമ്മെ അനുഗ്രഹിക്കട്ടെ!!



**അഷ്ന ബീഗം**
ജേർണലിസം
പ്രസ് ക്ലബ്
കോട്ടയം



## വിത്തുകൾ

പൊലിഞ്ഞുപോയ വസന്തത്തിൻ ഗന്ധം
കരളിൽ ഒളിപ്പിച്ച്, നാളേക്കായ്
കാത്തിരിപ്പൂ, മണ്ണോടൊട്ടി, മിഴിപൂട്ടി,
മഴയുടെ കൈകൾ തഴുകുവാനായി.

വേരാഴ്ന്നിറങ്ങി, മുകളിലേക്കു നോക്കി,
വന്മരമായി ഉയരുമെന്നോർക്കുന്നു.
വിത്തുകൾ, മൗനത്തിൻ മുത്തുകൾ.
നക്ഷത്രധൂളികൾ പുതച്ചൊരു പുലരി തേടി

മുളപൊട്ടാൻ വെമ്പി, മൗനം മുറിച്ച്,
മരണം മറികടക്കാൻ മോഹിച്ചു,
ഓർമതൻ ഭാരമായ്, ഉറങ്ങുന്ന കാലത്തിൻ ചുണ്ടിൽ
ഒരു യാത്രാമൊഴിയോടെ.

വേദന തിന്നുന്ന മണ്ണിന്റെ മാറിൽ.
പാഴ്ക്കിനാവായ്ത്തീരുമോ ഈ ജന്മം,
മണ്ണോടലിഞ്ഞുതീരുംവരെ നോവിന്റെ കണങ്ങളുമായ്
വെളിച്ചം തേടുന്നൊരു യാത്രയാണിത്.




**അജയ് കെ. ജോസഫ്**
കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ
കാഞ്ഞിരപ്പള്ളി

# നിർമിത ബുദ്ധി : ഒരു ഇരുതലവാൾ

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നത് ഇന്നു ലോകത്തിന്റെ ജീവനാഡിയായി മാറിയ ഒരു സാങ്കേതികവിദ്യയാണെന്നുള്ള കാര്യത്തിൽ സംശയമില്ല. എന്നാൽ, മനുഷ്യന്റെ അസ്തിത്വത്തെത്തന്നെ ചോദ്യം ചെയ്യുന്ന ഈ സാങ്കേതികവിദ്യ വളർന്നിരിക്കുന്നു എന്ന സത്യം നമുക്കു നിഷേധിക്കാനാവില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നത് ഒരു ഇരുതലവാളാണ്. അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അതുമൂലമുണ്ടാകുന്ന അനന്തരഫലങ്ങളും.

നിർമിതബുദ്ധിയുടെ പിതാവായി അറിയപ്പെടുന്നത് ജെഫ്രി ഹിന്റനാണ്. സാങ്കേതികവിദ്യയുടെ വൻവളർച്ചയ്ക്കു കാരണമായിത്തീർന്ന ന്യൂറൽ നെറ്റ് വർക്കിങ് എന്ന കണ്ടുപിടിത്തം നടത്തിയ വ്യക്തിയാണ് അദ്ദേഹം. പത്തു വർഷമായി ഗൂഗിളിൽ ജോലി ചെയ്തുകൊണ്ടിരുന്ന അദ്ദേഹം ജോലിയിൽനിന്നിറങ്ങിയ ശേഷം ഈ സാങ്കേതികവിദ്യയുടെ ഒട്ടനവധി അപകടങ്ങളെപ്പറ്റി സംസാരിക്കുന്നുണ്ട്. മനുഷ്യന്റെ വിനാശത്തിനു കാരണമാകുന്ന ഒരു സാങ്കേതികവിദ്യയാണ് ഇതെന്ന സത്യം അദ്ദേഹം ഉറപ്പിക്കുകയാണ്. മൈക്രോസോഫ്റ്റ് ചാറ്റ് ജിപിറ്റിക്കായി 1200 കോടി ഡോളറാണ് മാറ്റിവച്ചിരിക്കുന്നത്. ചാറ്റ് ജിപിടി, മെറ്റാ തുടങ്ങി ഒരുപാട് പ്ലാറ്റ്ഫോമുകളിൽ നടക്കുന്ന ഗവേഷണത്തിനായി വലിയൊരു തുക മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു.




മനുഷ്യനാൽ നിർമിക്കപ്പെട്ട ഈ ബുദ്ധി അധികം വൈകാതെതന്നെ മനുഷ്യനെ കീഴടക്കുമെന്നൊരു ഭയമുണ്ട്. കാരണം, മനുഷ്യബുദ്ധിയെ മറികടക്കാൻ കെല്പുള്ള, മനുഷ്യനെ നാശത്തിലേക്കു തള്ളിവിടാൻ സാധ്യതയുള്ള ഒരു സാങ്കേതികവിദ്യയാണിത്. എന്നാൽ, ഇതിന്റെ നല്ല രീതിയിലുള്ള ഉപയോഗം മനുഷ്യർക്ക് ഒരുപാട് ഗുണങ്ങൾ ചെയ്യുന്നുണ്ട്. എല്ലാ മേഖലകളിലും ഇന്ന് നിർമിതബുദ്ധിയുടെ ശക്തമായ സ്വാധീനം കാണാൻ സാധിക്കും. അത് സാധാരണക്കാരന്റെ ജീവിതത്തിന്റെ ഒരു ഭാഗമായിക്കഴിഞ്ഞു. ഇന്ന് നമ്മുടെ നാടിന്റെ നാനാഭാഗങ്ങളിലായി ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നുണ്ടോ എന്നു നോക്കുവാൻ എ ഐ ക്യാമറകൾ വ്യാപകമായുണ്ട്. ഒരുകാലത്ത് വിദ്യാർഥികൾ ലൈബ്രറികൾ പരതിയും മറ്റുള്ളവരുടെ സഹായം ചോദിച്ചൊക്കെയാണ് അറിവുകൾ കണ്ടെത്തിയിരുന്നത്. എന്നാൽ, ഇന്ന് ചാറ്റ് ജിപിറ്റിപോലുള്ള പ്ലാറ്റ്ഫോമുകളുടെ സഹായത്തോടെ നമുക്ക് എന്താണു വേണ്ടത്, അത് ഞൊടിയിടയിൽ നമ്മുടെ മുന്നിൽ എത്തുന്ന ഒരു രീതിയിലേക്കു കാര്യങ്ങൾ മാറി.


മനുഷ്യർ തന്നിലേക്കുതന്നെ ഒതുങ്ങുന്നുവെന്നതാണ് ഇതിലൂടെ സംഭവിക്കുന്ന മറ്റൊരു കാര്യം. മനുഷ്യബന്ധങ്ങളുടെ ഊഷ്മളത മനുഷ്യരുടെ ഇടയിൽ കുറഞ്ഞുവരുന്നു. വിദ്യാർഥികളുടെ വലിയ കോട്ടമാണ് ഇത്തരം പ്ലാറ്റ്ഫോമുകളുടെ ഉപയോഗംമൂലമുണ്ടായിരിക്കുന്നത്. എല്ലാ മേഖലകളിലും ഇന്ന് നിർമിതബുദ്ധി ശക്തമായ ഒരു മുദ്ര പതിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ആതുരശുശ്രൂഷാരംഗത്തും എൻജിനീയറിങ് മേഖലയിലുമെല്ലാം ഇതിന്റെ ശക്തമായ വൈഭവം നാം കണ്ടുകൊണ്ടിരിക്കുന്നു. ഒരു ഡോക്ടറുടെ സാന്നിധ്യം ഇല്ലാതെതന്നെ സർജറി സാധിക്കുന്ന നിലയിലേക്ക് ഈ സാങ്കേതികവിദ്യ വളർന്നിരിക്കുന്നു.

ചിത്രങ്ങളും വീഡിയോകളും കൃത്രിമമായി നിർമിച്ച് വ്യക്തികളുടെ സൽപ്പേരു നശിപ്പിക്കുന്നതിനുള്ള ഒരു മാർഗമായി ഇന്ന് പല രീതിയിലും ഈ സാങ്കേതികവിദ്യ ദുരുപയോഗം ചെയ്യുന്നുണ്ട്. മനുഷ്യന്റെ കഴിവുകളെ മറികടക്കാൻ കെല്പുള്ള റോബോട്ടുകളുടെ വരവോടെ നമ്മുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. നിർമിതബുദ്ധിയുടെ ഈ ലോകത്ത് നാം നേരിടുന്ന ഒരു പ്രധാന ചോദ്യം ഇതാണ്: 'എന്താണ് യാഥാർഥ്യം? എന്താണ് മിഥ്യ?' നമുക്കു നേരിട്ടു കണ്ടറിയാൻ സാധിക്കുന്ന, അനുഭവിച്ചറിയുവാൻ സാധിക്കുന്ന, എന്തും സത്യമാണെന്നു വിശ്വസിച്ചിരുന്ന ഒരു കാലമുണ്ട്. പക്ഷേ, ഇനിയത് അങ്ങനെയല്ല എന്നതാണു സത്യം. നമ്മുടെ മുന്നിൽ കാണുന്ന കാര്യങ്ങൾ, നമ്മൾ കേൾക്കുന്ന കാര്യങ്ങൾ, അനുഭവിച്ചറിയുന്ന കാര്യങ്ങളെല്ലാം നിർമിതബുദ്ധിയുടെ സഹായത്താൽ നിർമിച്ചിരിക്കുന്നവയാണോ എന്നു നാം സംശയിക്കേണ്ട കാലം. അതു മനുഷ്യരാശിയെ എന്നും ആശയക്കുഴപ്പത്തിലാക്കും. അതിനാൽത്തന്നെ മനുഷ്യൻ മനുഷ്യരാശിയുടെ നന്മയ്ക്കുവേണ്ടി നിർമിച്ചിരിക്കുന്ന ഈ നിർമിതബുദ്ധിയുടെ അനന്തസാധ്യതകൾ നമുക്കു നല്ലകാര്യങ്ങൾക്കായി വിനിയോഗിക്കാം. ഒരിക്കലും ഈ സാങ്കേതികവിദ്യ മനുഷ്യരാശിയെ പിന്നോട്ടു വലിക്കുന്ന ഒരു ശക്തിയായി മാറാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ■

# ജ്ഞാനപ്രകാശമേ നയിച്ചാലും!



**സിറിൾ സജി**
എം.എ. ഇംഗ്ലീഷ്
ഇന്ദിരാഗാന്ധി നാഷണൽ
ഓപ്പൺ യൂണിവേഴ്സിറ്റി



"**ജ്ഞാ**നം സമ്പാദിക്കുകയാണ് സർവപ്രധാനം. എന്തു ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക. അവളെ അമൂല്യമായി കരുതുക. അവൾ നിനക്ക് ഉയർച്ച നൽകും. അവൾ നിന്റെ ശിരസ്സിൽ മനോഹരമായ പൂമാലയണിയിക്കും. നിനക്ക് മഹത്ത്വത്തിന്റെ കിരീടം നൽകും."

(സുഭാഷിതങ്ങൾ 4:7-10)

അറിവ് മനുഷ്യനു പ്രദാനം ചെയ്യുന്ന ശക്തിയും മഹത്ത്വവും എത്രത്തോളമെന്നു മനസ്സിലാക്കിത്തരുന്നതാണ് വി. ബൈബിളിലെ ഈ തിരുവചനങ്ങൾ. അറിവിന് അതിരുകളില്ല എന്നത് ഇവിടെ സുവ്യക്തം. കാലത്തെയും ചിന്താധാരകളെയും മുറിച്ചുകടന്ന് മനുഷ്യനെ അമർത്ത്യനാക്കുന്നത് വിദ്യതന്നെയാണ്. അമൂല്യമായ രത്നങ്ങളെക്കാൾ, വിലപിടിച്ച സ്വർണത്തെക്കാൾ അറിവു കാംക്ഷിക്കപ്പെടുന്നതിന്റെ കാരണവും മറ്റൊന്നല്ല.

അളവറ്റ സമ്പാദ്യവും പ്രതാപവും കൈയാളിയ അനേകം വ്യക്തികൾ ചരിത്രത്തിലുണ്ട്. എന്നാൽ, അവരെ അപേക്ഷിച്ച് അറിവിന്റെ പിൻബലത്തിൽമാത്രം ലോകത്തെയും ചരിത്രത്തെയും കീഴടക്കിയ വ്യക്തികളെ തേടുന്നത്, പഠനവിഷയമാക്കുന്നത് വിജ്ഞാനം എന്ന മഹാമന്ത്രം കൈവശമാക്കാൻ വേണ്ടിത്തന്നെയാണ്. വിശ്വവിഖ്യാത തത്ത്വചിന്തകൻ സോക്രട്ടീസ്, അദ്ദേഹത്തിന്റെ ശിഷ്യൻ പ്ലേറ്റോ, അദ്ദേഹത്തിന്റെ ശിഷ്യൻ അരിസ്റ്റോട്ടിൽ തുടങ്ങി അറിവിനെ പ്രണയിച്ച ചരിത്രപുരുഷന്മാർ അനേകമാണ്. മുപ്പത്തിരണ്ടാം വയസ്സോടെ ലോകം കീഴടക്കി കടന്നുപോയ അലക്സാണ്ടർ ചക്രവർത്തിയെ അതിനു പ്രാപ്തനാക്കിയത് അദ്ദേഹത്തിന്റെ പരിചയോ പടച്ചട്ടയോ അല്ല; മറിച്ച്, അദ്ദേഹത്തിന്റെ ഗുരുവായിരുന്ന അരിസ്റ്റോട്ടിലിന്റെ അളവറ്റ ജ്ഞാനമായിരുന്നു. അറിവുള്ളവർ, അതു സമർഥമായി ഉപയോഗിക്കുന്നവർ ലോകം അടക്കിഭരിക്കും എന്നതിന് ഉത്തമോദാഹരണമാണ് 'മഹാനായ അലക്സാണ്ടർ'. ഇതുപോലെ അറിവിനെ പടവാളാക്കിയ, അതിനെ പടച്ചട്ടയായി ധരിച്ച മഹാന്മാർ അനേകമാണ്. ലോകത്തിന് അവർ ഇന്നും പാഠപുസ്തകമാണ്.

മനുഷ്യകുലത്തിന് അതുല്യസംഭാവനകൾ നൽകിയ ശാസ്ത്രജ്ഞന്മാർ ഒന്നടങ്കം അറിവിന്റെ മഹത്ത്വം വിളിച്ചോതിയവരാണ്. ഇവരുടെ സംഭാവനകൾ കൂടാതെ മനുഷ്യജീവിതത്തിന് ഇന്നുള്ള പുരോഗതി കൈവരിക്കുക അസാധ്യമാണ്. ജ്ഞാനം ഒരു വേദനസംഹാരികൂടിയാണെന്ന് ഇവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. നിരാശയിലും ദുരിതത്തിലും പ്രതീക്ഷ കൈവെടിയാതെ മനുഷ്യനെ മുന്നോട്ടു നടത്തുന്നത് ജ്ഞാനമല്ലാതെ മറ്റെന്താണ്? പ്രതീക്ഷയറ്റ് നിരാശയുടെ മുൾമുനയിൽ നിന്നു നീറുമ്പോൾ അവന്റെ മനസ്സിനെ തിരികെ പ്രതീക്ഷയുടെ ചക്രവാളത്തിലേക്കു കൊണ്ടുപോകാൻ വിദ്യകൊണ്ടേ സാധിക്കൂ എന്ന് ഇവർ നമുക്കു കാണിച്ചുതന്നു.

അറിവ് കൈവശമാക്കിയവർ അത് പകർന്നുനൽകാൻ കടപ്പെട്ടിരിക്കുന്നു. ഒരു അധ്യാപകനെന്നപോലെ അവർ ജീവിതത്തിൽ ഉടനീളം വർത്തിക്കണം. മനുഷ്യന് രണ്ടുതരത്തിൽ അറിവാകുന്ന വെളിച്ചം പകരാം. ഒന്നുകിൽ വെളിച്ചം വിതറുന്ന മെഴുകുതിരിയാവുക. അല്ലെങ്കിൽ വെളിച്ചം പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാവുക. സ്വാമി വിവേകാനന്ദൻ, അയ്യങ്കാളി, വി. ചാവറയച്ചൻ തുടങ്ങിയ നവോത്ഥാനനായകന്മാർ ഇതിന് ഉത്തമോദാഹരണങ്ങളാണ്. ഇവരെ നമ്മുടേതായ നിലകളിൽ അനുകരിക്കാൻ സാധിക്കട്ടെ. അറിവുകൊണ്ട് തങ്ങളുടെ വ്യക്തിത്വത്തെ സമ്പൂർണമാക്കിയ ഇവരെ നമുക്കു മാതൃകയാക്കാം. ധനവും ശക്തിയും കാലത്തിനൊപ്പമുള്ളതാകുമ്പോൾ കാലത്തിനുമുമ്പേ സഞ്ചരിക്കുന്ന വിജ്ഞാനത്തെ നമുക്കു പ്രണയിക്കാം. ഇതുവഴി സ്വയം ശിക്ഷണം നൽകാനും പരിവർത്തനപ്പെടുത്താനും സാധിക്കും. ജീവിതമാകുന്ന കണ്ണാടിയെ ഏറ്റവും തിളക്കമുള്ളതാക്കാൻ വിദ്യകൊണ്ടേ സാധിക്കൂ. ഇതിലൂടെ മെച്ചപ്പെട്ട സമൂഹം നിർമിക്കാനും ശക്തമായ അടിസ്ഥാനമുള്ള ഭാവി നിർമിക്കാനും മനുഷ്യനു സാധിക്കുന്നു.

ഓരോ അറിവും ഈശ്വരനിലേക്കുള്ള ചവിട്ടുപടികളാണ്. അറിവിനൊപ്പമേ തിരിച്ചറിവും സാധ്യമാകൂ. ഇതിനെ നേടുകയും പരിപോഷിപ്പിക്കുകയും ചെയ്യുക ഉചിതമാകുന്നു. അനന്തമായ സാധ്യതളും അഗാധമായ സമാധാനവും ഇതു പ്രദാനം ചെയ്യുന്നു. ജീവിതത്തിലെ ഇരുട്ടുകളെ ജ്ഞാനമാകുന്ന വെളിച്ചംകൊണ്ടു നിറയ്ക്കുക. വിദ്യയുടെ പ്രകാശത്തിൽ ജീവിതം നന്മയിലേക്കുതന്നെ നിത്യം സഞ്ചരിക്കട്ടെ.

"The only true wisdom is in knowing you know nothing."

- Socrates

# വേനൽച്ചൂടിൽ തളരാതെ



**സെലീനാ ജയ്മോൻ**
പ്ലസ് വൺ
സെന്റ് സെബാസ്റ്റ്യൻസ്
എച്ച്.എസ്.
അയർക്കുന്നം

പരീക്ഷക്കാലവും അതു കഴിഞ്ഞ് അവധിക്കാലവും വരുന്നു. പരീക്ഷയുടെ ടെൻഷനും അവധിക്കാലത്തിന്റെ ആഹ്ലാദത്തിമിർപ്പും ഈ വേനൽച്ചൂടിൽ നമുക്ക് ഒഴിവാക്കാനാവില്ല. അസുഖങ്ങൾ വരാതെ സൂക്ഷിക്കാൻ ഒരുപാടു കാര്യങ്ങളുണ്ട്. അവയിൽച്ചിലതു നമുക്കു ശ്രദ്ധിക്കാം.



- രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.
- അയഞ്ഞ, ഇളംനിറത്തിലുള്ള കോട്ടൺവസ്ത്രങ്ങൾ ധരിക്കുക.
- പുറത്തിറങ്ങുമ്പോൾ ചെരിപ്പ് ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നതു നന്ന്.
- ദാഹമില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുക.
- യാത്രാവേളയിൽ ഒരു കുപ്പി വെള്ളം കരുതുക.
- കുടിക്കുന്ന വെള്ളം ശുദ്ധമാണെന്ന് ഉറപ്പാക്കുക. തിളപ്പിച്ചാറ്റിയ വെള്ളമാണ് ഏറ്റവും നല്ലത്.
- കുട്ടികൾക്ക് ധാരാളം വെള്ളം നൽകുക.
- പാനീയങ്ങളിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധമായിരിക്കണം.
- പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക.
- സൂര്യാഘാതം ഏറ്റതായി സംശയം തോന്നിയാൽ തണലിലേക്കു മാറി വിശ്രമിക്കണം.
- ധരിച്ചിരിക്കുന്ന കട്ടികൂടിയ വസ്ത്രങ്ങൾ നീക്കം ചെയ്യുക.
- തണുത്ത വെള്ളംകൊണ്ട് ശരീരം തുടയ്ക്കുക.
- ധാരാളം പാനീയങ്ങൾ കുടിക്കുക.

ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചാൽ നമ്മുടെ പരീക്ഷക്കാലവും അവധിക്കാലവും സന്തോഷകരമായിക്കും.






**ഐശ്വര്യ എം.**
ക്ലാസ് 10
സെന്റ് മേരീസ് ജി.എച്ച്.എസ്.
കുറവിലങ്ങാട്





**ആകാശ്മോൻ എം.**
ക്ലാസ് 7
ഗവ. യു.പി.എസ്. കളത്തൂർ

